പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5211* 30.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-ക്ക് ബാങ്കുകളിൽ നിന്നും വായ്പ

ചോദ്യം

ശ്രീ. കെ. കെ. നാരായണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി, കെ.ടി.ഡി.എഫ്.സി.-യിലെ ലോൺ മാറ്റി മറ്റേതെങ്കിലും ബാങ്കുകളിൽ നിന്ന് ലോൺ എടുക്കുന്നതിന് വേണ്ടി ആലോചിക്കുന്നുണ്ടോ; | (എ) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കോർപ്പറേഷൻ എടുത്തിട്ടുള്ള വായ്പാ തുക മറ്റ് ബാങ്കുകളിലേക്ക് മാറ്റുന്ന കാര്യം ആലോചിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | നിലവിൽ കോർപ്പറേഷൻ, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എല്ലാം തന്നെ കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കൂടിയ പലിശനിരക്കിലുമുള്ളതാണ്. ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്ന നിർദ്ദേശമാണ് നിലവിലുള്ളത്. |
| (സി) | ഇങ്ങനെ ലോൺ എടുക്കുന്നതിന് വേണ്ടി ബാങ്കുകൾക്ക് എന്ത് ഗ്യാരന്റിയാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (സി) | നിലവിൽ, കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ഈടായി നൽകിയ വസ്തുവകകൾ പുതിയ വായ്പയ്ക്കും ഈടായി നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഓരോ ബാങ്കിൽ നിന്നും എത്ര രൂപ വീതമാണ് ലോൺ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | കെ.റ്റി.ഡി.എഫ്.സി.യിലെ വായ്പാ ബാദ്ധ്യത തീർക്കുന്നതിന് ആവശ്യമായ തുക ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഇതിന് വേണ്ടി ബാങ്കിന് എത്ര രൂപ സർവ്വീസ് ചാർജ്ജിനത്തിൽ അടക്കേണ്ടിവരുമെന്ന് വിശദമാക്കാമോ? | (ഇ) | വായ്പ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ചകൾ മാത്രമാണ് ബാങ്കുകളുമായി നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ